DIRECTORATE OF TREASURIES
21 JUN 2023
THIRUVANANTHAPURAM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - സംസ്ഥാനത്തെ വിവിധ ട്രഷറി സ്ട്രോങ് റൂമുകളിൽ കാലാവധി കഴിഞ്ഞിട്ടും സൂക്ഷിച്ചിട്ടുള്ളതും അസ്സൽ രസീത് നഷ്ടപ്പെട്ടതുമായ തെരെഞ്ഞെടുപ്പ് രേഖകൾ/സാമഗ്രികൾ തിരികെ നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(കൈ) നം.90/2023/ധന** **തീയതി, തിരുവനന്തപുരം, 09/06/2023**

പരാമർശം :- ട്രഷറി ഡയറക്ടറുടെ 26/03/2023-ലെ TRY/1374/2023-F1 നം. കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ ട്രഷറികളിലെ സ്ട്രോങ് റൂമുകളിൽ റിട്ടേണിംഗ് ഓഫീസർമാർ ഇലക്ഷനുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് രേഖകൾ/സാമഗ്രികൾ സൂക്ഷിച്ചിട്ടുള്ളവയിൽ ചട്ടപ്രകാരം അനുവദനീയമായ കാലാവധി കഴിഞ്ഞ രേഖകൾ തിരികെ എടുക്കുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെയും/ തിരഞ്ഞെടുപ്പ് കമ്മീഷന്റെയും/ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടറുടെയും നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട റിട്ടേണിംഗ് ഓഫീസർമാർ ട്രഷറി ഓഫീസർമാരെ സമീപിക്കുന്നുണ്ടെങ്കിലും പ്രസ്തുത രേഖകൾ/സാമഗ്രികൾ സുരക്ഷിത സൂക്ഷിപ്പിനായി നൽകുന്ന സമയത്ത് ട്രഷറിയിൽ നിന്നും നൽകിയിട്ടുള്ള രസീത് കണ്ടെടുക്കാൻ കഴിയാത്തവിധം കൈമോശം വന്നിട്ടുള്ളതിനാൽ ഈ വസ്തുക്കൾ തിരികെ നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെയുളള ട്രഷറി ഓഫീസർമാർക്ക് കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 158 (1) ൽ ഇളവ് വരുത്തി പൊതു അനുമതി നൽകണമെന്ന് പരാമർശം പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ വിവിധ ട്രഷറി സ്ട്രോങ്ങ് റൂമുകളിൽ കാലാവധി കഴിഞ്ഞിട്ടും സൂക്ഷിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് രേഖകൾ/സാമഗ്രികൾ അവ സുരക്ഷിത സൂക്ഷിപ്പിനായി നൽകുന്ന സമയത്ത്

ട്രഷറിയിൽ നിന്നും നൽകുന്ന അസ്സൽ രസീത് കണ്ടെടുക്കാൻ സാധിക്കാത്ത വിധം നഷ്ടപ്പെട്ടുവെന്ന ബന്ധപ്പെട്ട വരണാധികാരിയുടെ സത്യവാങ്മൂലം ഒപ്പിട്ടുവാങ്ങിയ ശേഷം തെരഞ്ഞെടുപ്പ് രേഖകൾ/സാമഗ്രികൾ തിരികെ നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെയുള്ള ട്രഷറി ഓഫീസർമാർക്ക് കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 158 (1)-ൽ ഇളവ് വരുത്തി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് ട്രഷറി ഡയറക്ടർ അടിയന്തരമായി നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുരേഷ് കുമാർ ഒ.ബി.,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2440692).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.